**മധുരമായ കുട്ടികളെ – ഓരോ കാര്യവും യോഗബലത്തിലൂടെ ചെയ്യൂ, ബാബയോട് ഒന്നും ചോദിക്കേണ്ടതിന്റെ കാര്യമില്ല, നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ് അതു കൊണ്ട് യാതൊരു ആസൂരീയ കർമ്മവും ചെയ്യരുത്.**

**ചോദ്യം –** നിങ്ങളുടെ ഈ യോഗബലത്തിന്റെ അത്ഭുതകൃത്യങ്ങളെന്താണ്?
**ഉത്തരം –** നിങ്ങളുടെ എല്ലാ കർമ്മേന്ദ്രിയങ്ങളും വശത്താകുന്നത് ഈ യോഗബലത്തിൽക്കൂടി തന്നെയാണ്. യോഗബലമില്ലാതെ നിങ്ങൾക്ക് പാവനമാകാൻ സാധിക്കില്ല. യോഗബലത്തിലൂടെ തന്നെയാണ് മുഴുവ വൻ സൃഷ്ടിയും പാവനമാകുന്നത് അതുകൊണ്ട് പാവനമാകുന്നതിന് വേണ്ടിയും ഭോജനത്തെ ശുദ്ധമാക്കുന്നതിനും വേണ്ടി ഓർമ്മയുടെ യാത്രയിലിരിക്കൂ. യുക്തിയോടെ നടക്കൂ. വിനയത്തോടെ പെരുമാറൂ.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. ലോകത്തിലാർക്കും അറിയുകയില്ല ആത്മീയ അച്ഛൻ വന്ന് സ്വർഗ്ഗത്തിന്റെ അഥവാ പുതിയ ലോകത്തിന്റെ സ്ഥാപന എങ്ങനെ ചെയ്യുന്നുവെന്ന്. ആർക്കും തന്നെ അറിയില്ല. നിങ്ങൾക്ക് ബാബയോട് ഒരു പ്രകാരത്തിലുമുള്ള യാചനയുടെയും ആവശ്യമില്ല. ബാബ എല്ലാം മനസ്സിലാക്കി തരുന്നുണ്ട്. ഒന്നും ചോദിക്കേണ്ടതിന്റെ ആവശ്യമുണ്ടാകുന്നില്ല, എല്ലാം സ്വയം തന്നെ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ബാബ പറയുകയാണ് എനിക്ക് കല്പ-കല്പം ഈ ഭാരതഖണ്ഡത്തിൽ വന്ന് എന്ത് ചെയ്യണം, അത് ഞാൻ അറിയുന്നു, നിങ്ങൾ അറിയുന്നില്ല. ദിവസവും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ആരും ഒരക്ഷരം പോലും ചോദിക്കുന്നില്ലെങ്കിലും എല്ലാം മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ഇടയ്ക്ക് ചോദിക്കുന്നു ഭക്ഷണ പാനീയത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോ. ഇപ്പോൾ ഇതാണെങ്കിൽ വിവേകത്തിന്റെ കാര്യമാണ്. ബാബ പറഞ്ഞിട്ടുണ്ട് ഓരോ കാര്യവും യോഗബലത്തിലൂടെ പ്രയോഗിക്കൂ, ഓർമ്മയുടെ യാത്രയിലൂടെ കർമ്മം ചെയ്യൂ എവിടെ പോവുകയാണെങ്കിലും മുഖ്യമായ കാര്യം തീർച്ചയായും ബാബയെ ഓർമ്മിക്കണം. വേറെ ഒരു ആസൂരീയ കർമ്മവും ചെയ്യരുത്. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ്. ബാബ എല്ലാവരുടെയും അച്ഛനാണ്, എല്ലാവർക്കും വേണ്ടിയുള്ള പഠിപ്പ് ഈ ഒരാൾ തന്നെയേ നൽകൂ. ബാബ പഠിപ്പ് നൽകുന്നു – കുട്ടികൾ സ്വർഗ്ഗത്തിന്റെ അധികാരിയാകണം. രാജപദവിയിലും സ്ഥാനം ഉണ്ടാകുമല്ലോ. ഓരോരുത്തരുടെയും പുരുഷാർത്ഥത്തിനനുസരിച്ച് പദവി ഉണ്ടാകുന്നു. കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം പ്രാപ്തിയും നേടണം. പുരുഷാർത്ഥം ചെയ്യിക്കുന്നതിന് വേണ്ടി ബാബ വന്നിരിക്കുകയാണ്. നിങ്ങൾക്ക് ഒന്നും അറിയുമായിരുന്നില്ല ബാബ എപ്പോൾ വരും, വന്ന് എന്ത് ചെയ്യും, എവിടേയ്ക്ക് കൊണ്ടു പോകും. ബാബ തന്നെയാണ് വന്ന് മനസ്സിലാക്കി തരുന്നത്, ഡ്രാമയുടെ പ്ലാൻ അനുസരിച്ച് നിങ്ങൾ എവിടെ നിന്നാണ് വീണത്. ഒറ്റയടിക്ക് ഉയർന്ന പർവ്വതത്തിൽ നിന്ന്. അല്പം പോലും ബുദ്ധിയിലുണ്ടായിരുന്നില്ല നമ്മൾ ആരാണ്. ഇപ്പോൾ തിരിച്ചറിഞ്ഞല്ലോ. നിങ്ങൾക്ക് സ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ല ബാബ വന്ന് എന്ത് ചെയ്യും. നിങ്ങളും ഒന്നും അറിഞ്ഞിരുന്നില്ല. ഇപ്പോൾ ബാബയെ ലഭിച്ചുവെങ്കിൽ അങ്ങനെയുള്ള ബാബയുടെ മേൽ എത്ര ബലിയാകേണ്ടതുണ്ട്. എങ്ങനെയാണോ പതിവ്രതയായ സ്ത്രീയാണെങ്കിൽ പതിയുടെ മേൽ വളരെയധികം സമർപ്പണമാകുന്നു. ചിതയിൽ ചാടാൻ പോലും ഭയപ്പെടുന്നില്ല. വളരെയധികം ധൈര്യമുണ്ടാകുന്നു. മുമ്പ് അനേകം പേർ ചിതയിൽ ചാടിയിരുന്നു. ബാബയാണെങ്കിൽ ഇവിടെ അങ്ങനെയൊരു ബുദ്ധിമുട്ടും തരുന്നില്ല. പേര് ജ്ഞാനചിതയെന്നാണെങ്കിലും കത്തുന്നതിന്റെ ഒരു കാര്യവുമില്ല. ബാബ തികച്ചും ഇങ്ങനെ മനസ്സിലാക്കി തരുകയാണ് എങ്ങനെയാണോ വെണ്ണയിലെ മുടി പോലെ. കുട്ടികൾ മനസ്സിലാക്കുന്നു ജന്മ-ജന്മാന്തരങ്ങളിലെ പാപഭാരം ശിരസ്സിലുണ്ട്. ഏതെങ്കിലും ഒരു അജാമിൽ അല്ല. ഓരോ മനുഷ്യരും ഒരാൾ മറ്റൊരാളെക്കാൾ കൂടുതൽ അജാമിലനാണ്. കഴിഞ്ഞ ജന്മത്തിൽ എന്തെന്തെല്ലാം ചെയ്തിട്ടുണ്ടെന്ന് മനുഷ്യർക്കെങ്ങനെയറിയാനാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി പാപം ചെയ്തിട്ടുണ്ട്, വാസ്തവത്തിൽ ഒരാൾ പോലും പുണ്യാത്മാവായിട്ടില്ല. എല്ലാവരും പാപാത്മാക്കളാണ്. പുണ്യം ചെയ്തുവെങ്കിൽ പുണ്യത്മാവായി മാറും. പുണ്യാത്മാക്കൾ സത്യയുഗത്തിലാണുണ്ടാവുക. ചിലർ ആശുപത്രി മുതലായവ ഉണ്ടാക്കി എന്നിട്ടും എന്ത് സംഭവിച്ചു. പടി ഇറങ്ങുന്നതിൽ നിന്ന് ആരും രക്ഷപ്പെടുന്നില്ല. കയറുന്ന കല ഉണ്ടാകുന്നില്ലല്ലോ. വീണുകൊണ്ട് തന്നെയിരിക്കുന്നു. ഈ ബാബയാണെങ്കിൽ ഇങ്ങനെയുള്ള അതി സ്നേഹിയാണ് ആരെയാണോ പറയുന്നത് ജീവിച്ചിരിക്കെ ബലിയായി എന്തുകൊണ്ടെന്നാൽ പതികളുടെയും പതി, അച്ഛന്റെയും അച്ഛൻ ഏറ്റവും ഉയർന്നതാണ്.

ബാബ കുട്ടികളെയിപ്പോൾ ഉണർത്തികൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ബാബ ആരാണോ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത്, എത്ര സാധാരണമാണ്. തുടക്കത്തിൽ പെൺകുട്ടികൾക്ക്

എപ്പോൾ രോഗം പിടിപെട്ടാലും ബാബ സ്വയം അവരുടെ സേവനം ചെയ്തിരുന്നു. അഹങ്കാരം ഒട്ടും ഉണ്ടായിരുന്നില്ല. ബാപ്ദാദ ഉയർന്നതിലും ഉയർന്നതാണ്. പറയുകയാണ് എങ്ങനെയുള്ള കർമ്മം ഞാൻ ഇവരിലൂടെ ചെയ്യിക്കും, അഥവാ ചെയ്യും. രണ്ടു പേരും ഒരുപോലെയാകുന്നു. ഒട്ടും തന്നെ അറിയാൻ കഴിയില്ല. ബാബയെന്ത് ചെയ്യുന്നു, ദാദാ എന്ത് ചെയ്യുന്നു. കർമ്മം–അകർമ്മം–വികർമ്മത്തിന്റെ ഗതി ബാബ തന്നെയാണിരുന്ന് മനസ്സിലാക്കി തരുന്നത്. ബാബ വളരെ ഉയർന്നതാണ്. മായയുടെയും പ്രഭാവം വളരെയധികം ഉണ്ടാകുന്നു. ഈശ്വരനായ ബാബ പറയുന്നു അങ്ങനെ ചെയ്യരുത് എന്നിട്ടും അംഗീകരി ക്കുന്നില്ല. ഭഗവാൻ പറയുന്നു – മധുരമായ കുട്ടികളെ, ഈ കർമ്മം ചെയ്യരുത്, എന്നിട്ടും തലകീഴായ കർമ്മം ചെയ്യുന്നു. തലകീഴായ കർമ്മത്തെ തന്നയല്ലേ വിലക്കുന്നത്. എന്നാൽ മായയും വളരെ സമർത്ഥ ശാലിയാണ്. അറിഞ്ഞോ–അറിയാതെയോ പോലും ബാബയെ മറക്കരുത്. അടിക്കുകയോ മർദ്ദിക്കുക യോ എന്ത് തന്നെ ചെയ്താലും. അങ്ങനെ ഒന്നും ബാബ ചെയ്യുന്നില്ല പക്ഷെ ഇത് അങ്ങേയറ്റത്തെ വാക്കാണ്. ഗീതവുമുണ്ട് അങ്ങയുടെ അരികിൽ നിന്ന് ഒരിക്കലും പിരിയുകയില്ല. എന്ത് തന്നെ പറഞ്ഞോ ട്ടെ. പുറത്ത് എന്താണുള്ളത്. ബുദ്ധിയും പറയുന്നു എവിടെയ്ക്ക് പോകും? ബാബ ചക്രവർത്തി പദവി നൽകുന്നു പിന്നീടത് ലഭിക്കുകയേയില്ല. അടുത്ത ജന്മത്തിൽ എന്തെങ്കിലും ലഭിക്കുകയും ഇല്ല. ഇത് പാര ലൗകിക അച്ഛനാണ് ആരാണോ പരിധിയില്ലാത്ത സുഖധാമത്തിന്റെ അധികാരിയാക്കി നിങ്ങളെ മാറ്റുന്നത്. കുട്ടികൾക്ക് ദൈവീക ഗുണവും ധാരണ ചെയ്യണം, എന്നിട്ടും ബാബ നിർദ്ദേശം നൽകുന്നു. തങ്ങളുടെ പോലീസ് മുതലായ ജോലിയും ചെയ്യൂ, ഇല്ലായെങ്കിൽ ഡിസ്മിസ് ചെയ്യും. തന്റെ ജോലിയാണെങ്കിൽ ചെയ്യണം, പേടിപ്പിക്കേണ്ടി വരുന്നു. എത്ര സാധിക്കുമോ സ്നേഹത്തോടെ കർമ്മം ചെയ്യൂ. ഇല്ലായെ ങ്കിൽ യുക്തിയോടെ പേടിപ്പിക്കൂ. കൈ പ്രയോഗിക്കരുത്. ബാബയ്ക്ക് എത്രയധികം കുട്ടികളാണ്. ബാബയ്ക്കും കുട്ടികളുടെ ചിന്തയുണ്ടായിരിക്കുമല്ലോ. മുഖ്യമായ കാര്യമാണ് പവിത്രമായിരിക്കുക. ജന്മ – ജന്മാന്തരം നിങ്ങൾ വിളിച്ചിരുന്നല്ലോ – അല്ലയോ പതിത പാവനാ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ. പക്ഷെ അർത്ഥം ഒന്നും തന്നെ അറിയുമായിരുന്നില്ല. വിളിച്ചുവെങ്കിൽ തീർച്ചയായും പതിതമാണ്. ഇല്ലാ യെങ്കിൽ വിളിക്കേണ്ടതിന്റെ ആവശ്യമില്ല. പൂജയുടെയും ആവശ്യമില്ല. ബാബ മനസ്സിലാക്കി തരുക യാണ് നിങ്ങൾ അബലകളുടെ മേൽ എത്ര അത്യാചാരമാണുണ്ടാവുന്നത്, സഹിക്കുക തന്നെ വേണം. യുക്തികളും പറഞ്ഞു തന്നുകൊണ്ടിരിക്കുന്നു. വളരെ വിനയത്തോടെ നടക്കൂ. പറയൂ, താങ്കളാണെങ്കിൽ ഭഗവാനാണ് പിന്നെ ഇത് എന്താണ് ചോദിക്കുന്നത്? വിവാഹം ചെയ്യുന്ന സമയത്ത് പറയുന്നു – ഞാൻ നിന്റെ പതിയും ഈശ്വരനും ഗുരുവും എല്ലാമാണ്, ഇപ്പോൾ ഞാൻ പവിത്രമായിരിക്കാൻ ആഗ്രഹിക്കുന്നു, അപ്പോൾ നിങ്ങളെന്തിന് തടയുന്നു. ഭഗവാനെയാണെങ്കിൽ പതിത പാവനൻ എന്ന് പറയുമല്ലോ. താങ്കളും പാവനമാക്കി മാറ്റുന്നവരായി മാറൂ. ഇങ്ങനെ സ്നേഹത്തോടെ വിനയത്തോടെ സംസാരിക്കണം. ക്രോ ധിക്കുകയാണെങ്കിൽ പൂക്കൾ വർഷിക്കൂ. അടിക്കുന്നു പിന്നീട് ദു:ഖിക്കുകയും ചെയ്യുന്നു. എങ്ങനെ യാണോ മദ്യപിക്കുമ്പോൾ വളരെയധികം ലഹരി വർദ്ധിക്കുന്നത്. സ്വയം ചക്രവർത്തിയാണെന്ന് മനസ്സി ലാക്കുന്നു. അതിനാൽ ഈ വിഷവും അങ്ങനെയുള്ള വസ്തുവാണ് ചോദിക്കേണ്ട കാര്യമില്ല. പശ്ചാത്ത പിക്കുകയും ചെയ്യുന്നു പക്ഷെ ശീലമായി മാറുന്നു അതിനാൽ അത് ഉപേക്ഷിക്കുന്നില്ല. ഒന്നോ രണ്ടോ തവണ വികാരത്തിൽ പോയി, അത് മതി ലഹരി കയറി പിന്നെ വീണുകൊണ്ടിരിക്കും. എങ്ങനെയാണോ ലഹരിയുടെ വസ്തുക്കൾ സന്തോഷത്തിലേയ്ക്ക് കൊണ്ട് പോകുന്നത്, വികാരവും അങ്ങനെയാണ്. ഇവിടെ പിന്നെ വലിയ പരിശ്രമമാണ്. യോഗബലത്തിലൂടെയല്ലാതെ ഒരു കർമ്മേന്ദ്രിയത്തെയും വശത്താക്കാൻ സാധിക്കില്ല. യോഗബലത്തിന്റെ തന്നെയാണ് അത്ഭുതം, അപ്പോഴാണ് പേര് പ്രസിദ്ധമാകുന്നത്, യോഗം പഠിക്കുന്നതിന് പുറത്ത് നിന്ന് ഇവിടെയ്ക്ക് വരുന്നു. ശാന്തിയിൽ ഇരിക്കും. വീട്ടിൽ നിന്ന് ദൂരെയ്ക്ക് പോകുന്നു. അതാണെങ്കിൽ പകുതി കല്പത്തേയ്ക്കുള്ള കൃത്രിമമായ ശാന്തിയാണ്. ആർക്കും സത്യ മായ ശാന്തി അറിയുക തന്നെയില്ല. ബാബ പറയുന്നു കുട്ടികളെ, നിങ്ങളുടെ സ്വധർമ്മം തന്നെ ശാന്തിയാ ണ്, ഈ ശരീരത്തിലൂടെ നിങ്ങൾ കർമ്മം ചെയ്യുകയാണ്. എപ്പോൾ വരെ ശരീരം ധാരണ ചെയ്യുന്നി ല്ലയോ അപ്പോൾ വരെ ആത്മാവ് ശാന്തമായിരിക്കുന്നു. പിന്നീട് എവിടെയെല്ലാമോ പോയി പ്രവേശിക്കു ന്നു. ഇവിടെയാണെങ്കിൽ ചിലർ സൂക്ഷ്മ ശരീരവുമായി അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കുന്നു. അത് നിഴലിന്റെ ശരീരമാണ്, ചിലർ ദു:ഖം നൽകുന്നവരുണ്ടാകുന്നു, ചിലർ നല്ലവരാകുന്നു, ഇവിടെയും ചില മനുഷ്യർ അവർ ആർക്കും ദു:ഖം നൽകുന്നില്ല. ചിലരാണെങ്കിൽ വളരെയധികം ദു:ഖം നൽകുന്നു. ചിലർ സന്യാസി മഹാത്മാക്കളാകുന്നു.

ബാബ മനസ്സിലാക്കി തരുകയാണ് മധുര മധുരമായ നഷ്ടപ്പെട്ട് തിരികെ ലഭിച്ച കുട്ടികളെ നിങ്ങൾ 5000 വർഷങ്ങൾക്ക് ശേഷം വീണ്ടും വന്ന് കണ്ട് മുട്ടിയിരിക്കുകയാണ്. എന്ത് നേടുന്നതിന് വേണ്ടി? ബാബ പറഞ്ഞിട്ടുണ്ട് നിങ്ങൾക്ക് എന്താണ് ലഭിക്കാനുള്ളത്. ബാബാ അങ്ങയിൽ നിന്ന് എന്താണ് ലഭിക്കാനു ള്ളത്, ഇതാണെങ്കിൽ ചോദ്യമേയല്ല. അങ്ങാണെങ്കിൽ സ്വർഗ്ഗ സ്ഥാപകനായ പിതാവ് തന്നെയാണ്. പുതിയ

ലോകത്തിന്റെ രചയിതാവ്. അതിനാൽ തീർച്ചയായും അങ്ങയിൽ നിന്ന് ചക്രവർത്തി പദവി തന്നെയേ ലഭിക്കൂ. ബാബ പറയുകയാണ് കുറച്ചെന്തെങ്കിലും മനസ്സിലാക്കി പോയാലും തീർച്ചയായും സ്വർഗ്ഗത്തിൽ വരും. ഞാൻ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യാനാണ് വന്നിരിക്കുന്നത്. ഉയർന്നതിലും ഉയർന്ന വ്യക്തിത്വം ഭഗവാനും പ്രജാപിതാ ബ്രഹ്മാവിനും ആണ്. നിങ്ങൾക്കറിയാം വിഷ്ണു ആരാണ്? വേറെയാർക്കും അറിയില്ല. നിങ്ങളാണെങ്കിൽ പറയും ഞങ്ങൾ ഇവരുടെ കുലത്തിലേതാണ്, ഈ ലക്ഷ്മീ നാരായണനാണെങ്കിൽ സത്യയുഗത്തിൽ രാജ്യം ഭരിക്കുന്നു. ഈ ചക്രം മുതലായവ വാസ്തവത്തിൽ വിഷ്ണുവിന്റെയല്ല. ഈ അലങ്കാരങ്ങൾ നമ്മൾ ബ്രാഹ്മണരുടെതാണ്. ഇപ്പോൾ ഈ ജ്ഞാനമുണ്ട്. സത്യയുഗത്തിൽ ഇത് മനസ്സിലാക്കില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞു തരാൻ ആരിലും ശക്തിയുണ്ടാകില്ല. നിങ്ങൾ ഈ 84 ന്റെ ചക്രത്തെ അറിയുന്നു. ഇതിന്റെ അർത്ഥം ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട്. കുട്ടികൾ മനസ്സിലാക്കി, നമുക്കാണെങ്കിൽ ഈ അലങ്കാരം ശോഭനീയമല്ല. നമ്മളിപ്പോൾ പഠിപ്പ് നേടികൊണ്ടിരിക്കുകയാണ്. പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. പിന്നീട് അങ്ങനെയായി മാറും. സ്വദർശന ചക്രം കറക്കി കറക്കി നമ്മൾ ദേവതയായി മാറും. സ്വദർശന ചക്രം അർത്ഥം രചയിതാവിന്റെയും രചനയുടെയും ആദി-മധ്യ-അന്ത്യത്തെ അറിയുക. മുഴുവൻ ലോകത്തിലും ആർക്കും തന്നെ ഇത് മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല ഈ സൃഷ്ടി ചക്രം എങ്ങനെ കറങ്ങുന്നു. ബാബ എത്ര സഹജമാക്കിയാണ് മനസ്സിലാക്കി തരുന്നത് - ഈ ചക്രത്തിന്റെ ആയുസ്സ് ഇത്രയും വലുതാവുക സാധ്യമേയല്ല. മനുഷ്യ സൃഷ്ടിയുടെയും വാർത്ത കേൾപ്പിക്കുകയാണ് ഇത്ര മനുഷ്യരുണ്ട്. ഇങ്ങനെ പറയുന്നില്ല ആമ എത്രയുണ്ട്, മത്സ്യങ്ങൾ മുതലായവ എത്രയുണ്ട്, മനുഷ്യരുടെ തന്നെ കാര്യമാണ്. നിങ്ങളോടും ചോദ്യം ചോദിക്കുന്നു, ബാബ എല്ലാം പറഞ്ഞു തന്നുകൊണ്ടിരിക്കുകയാണ്. കേവലം അതിൽ പൂർണ്ണമായ ശ്രദ്ധ നൽകണം.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് - യോഗബലത്തിലൂടെ നിങ്ങൾ സൃഷ്ടിയെ പാവനമാക്കി മാറ്റുന്നുവെങ്കിൽ എന്താ യോഗബലത്തിലൂടെ ഭോജനത്തെ ശുദ്ധമാക്കി മാറ്റാൻ സാധിക്കില്ലേ? ശരി, നിങ്ങളാണെങ്കിൽ അങ്ങനെയായി മാറിയിരിക്കുകയാണ്. പിന്നീട് ആരെയെങ്കിലും തനിക്ക് സമാനമാക്കി മാറ്റിയോ? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി ബാബ വന്നിരിക്കുകയാണ് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി വീണ്ടും നൽകുന്നതിനായി. അതിനാൽ ഇതിനെ നിരസിക്കരുത്. വിശ്വത്തിന്റെ ചക്രവർത്തി പദവി നിരസിക്കുകയാണെങ്കിൽ കഴിഞ്ഞു. പിന്നീട് കുപ്പത്തൊട്ടിയിൽ പോയി വീഴും. ഈ മുഴുവൻ ലോകവും അഴുക്കാണ്. അതിനാൽ ഇതിനെ അഴുക്ക് കൊട്ടയെന്നേ പറയൂ. ലോകത്തിന്റെ അവസ്ഥ നോക്കൂ എന്താണെന്ന്. നിങ്ങൾക്കാണെങ്കിൽ അറിയാം നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ഇത് ആർക്കും അറിയില്ല സത്യയുഗത്തിൽ ഒരേയൊരു രാജ്യമായിരുന്നു, അംഗീകരിക്കുകയില്ല. തന്റെ അഹങ്കാരത്തിലിരിക്കുകയാണെങ്കിൽ പിന്നെ അല്പം പോലും കേൾക്കുകയില്ല, പറയുന്നു ഇതെല്ലാം താങ്കളുടെ സങ്കല്പങ്ങളാണ്. സങ്കല്പത്തിലൂടെ തന്നെയാണ് ഈ ശരീരം മുതലായവ ഉണ്ടാക്കിയിരിക്കുന്നത്. അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. അത്രമാത്രം ഇത് ഈശ്വരന്റെ കല്പനയാണ്, ഈശ്വരൻ എന്ത് ആഗ്രഹിക്കുന്നുവോ അതായി മാറുന്നു, ഇത് ഈശ്വരന്റെ കളിയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ പറയുന്നു, ചോദിക്കേണ്ട കാര്യമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ വന്നു കഴിഞ്ഞു. വൃദ്ധകളും പറയുന്നു - ബാബാ ഓരോ 5000 വർഷങ്ങൾക്കു ശേഷവും ഞങ്ങൾ അങ്ങയിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുക്കുന്നു. ഞങ്ങൾ ഇപ്പോൾ വന്നിരിക്കുകയാണ് സ്വർഗ്ഗത്തിന്റെ രാജ്യഭാഗ്യം നേടുന്നതിന്. നിങ്ങൾക്കറിയാം എല്ലാ അഭിനേതാക്കൾക്കും അവരവരുടെ പാർട്ടാണ്. ഒരാളുടെ പാർട്ട് വേറൊരാളിൽ നിന്ന് ലഭിക്കില്ല. നിങ്ങൾ പിന്നീട് ഇതേ നാമ രൂപത്തിൽ വന്ന് ഇതേ സമയം ബാബയിൽ നിന്ന് സമ്പത്ത് നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യും. എത്ര അളവറ്റ സമ്പാദ്യമാണ്. കേവലം ബാബ പറയുകയാണ് അല്പമെങ്കിലും കേട്ടുവെങ്കിലും സ്വർഗ്ഗത്തിൽ വരും. പക്ഷെ ഓരോ മനുഷ്യരും ഉയർന്നവരായി മാറുന്നതിന്റെ പുരുഷാർത്ഥമാണല്ലോ ചെയ്യുന്നത്. അതിനാൽ പുരുഷാർത്ഥമാണ് ആദ്യം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. എങ്ങനെയാണോ ബാബ കുട്ടികളുടെ സേവനം ചെയ്യുന്നത്, ഒരു അഹങ്കാരവുമില്ലാത്തത്, അതുപോലെ ഫോളോ ചെയ്യണം. ബാബയുടെ ശ്രീമതത്തനുസരിച്ച് നടന്ന് വിശ്വത്തിന്റെ ചക്രവർത്തി പദവി നേടണം,

നിരസിക്കരുത്.

2. അച്ഛന്മാരുടെയും അച്ഛൻ, പതിമാരുടെയും പതി ആരാണോ ഏറ്റവും ഉയർന്നത്, അതിസ്നേഹി, ആ ബാബയിൽ ജീവിച്ചിരിക്കെ ബലിയാവണം. ജ്ഞാനചിതയിലിരിക്കണം. ഒരിക്കലും അറിയാതെ പോലും ബാബയെ മറന്ന് തലകീഴായ കർമ്മം ചെയ്യരുത്.

## വരദാനം:- സന്തോഷത്തിന്റെ അളവറ്റ ഖജനാവുകളാൽ നിറഞ്ഞിരിക്കുന്ന സദാ ചിന്തയില്ലാത്ത ചക്രവർത്തിമാരായി ഭവിക്കട്ടെ.

സന്തോഷത്തിന്റെ സാഗരനിലൂടെ ദിവസവും അളവറ്റ ഖജനാവ് ലഭിക്കുന്നുണ്ട് അതിനാൽ ഏതൊരു പരിതസ്ഥിതിയിലും സന്തോഷം അപ്രത്യക്ഷമാവുകയില്ല. ഏതൊരു കാര്യത്തിന്റെയും ചിന്തയുണ്ടാകില്ല. സ്വത്തെന്താകും, കുടുംബത്തിനെന്ത് സംഭവിക്കും ഇങ്ങനെയൊന്നുമില്ല. പരിവർത്തനം നടക്കുക തന്നെ ചെയ്യുമല്ലോ. പഴയ ലോകത്തിൽ എത്ര തന്നെ ശ്രേഷ്ഠമാണെങ്കിലും പക്ഷെ എല്ലാം പഴയത് തന്നെയാണല്ലോ അതിനാൽ ചിന്തയില്ലാത്തവരായി മാറി. എന്ത് സംഭവിക്കുന്നുവോ അത് നല്ലതിനായിരിക്കും. ബ്രാഹ്മണരെ സംബന്ധിച്ച് എല്ലാം നല്ലതാണ്, ഒന്നും തന്നെ മോശമല്ല. താങ്കളുടെ കൈവശം അങ്ങിനെയുള്ള ചക്രവർത്തി പദമുണ്ട് അത് ആർക്കും തന്നെ തട്ടിയെടുക്കാൻ സാദ്ധ്യമല്ല.

## സ്ലോഗൻ:- ഈ ലോകത്തെ ഒരു അലൗകിക നാടകമെന്നും പരിതസ്ഥിതികളെ കളിപ്പാട്ടങ്ങളെന്നും കരുതി മുന്നോട്ട് പോകൂ എങ്കിൽ ഒരിക്കലും നിരാശരാകില്ല.

**അവ്യക്ത സൂചനകൾ- ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നിയെ പ്രജ്വലിതമാക്കി യോഗത്തെ ജ്വാലാ രൂപമാക്കൂ.**

അവസാനം വന്നവരാണെങ്കിലും ഫാസ്റ്റ് പുരുഷാർത്ഥം ജ്വാലാ-രൂപത്തിന്റേത് തന്നെയാണ് അവശേഷിച്ചിട്ടുള്ളത്. പാണ്ഡവന്മാർ കാരണം യാദവർ നിന്നുപോയിരിക്കുകയാണ്. പാണ്ഡവരുടെ ശ്രേഷ്ഠ അഭിമാനം, ആത്മീയ അഭിമാനി സ്ഥിതി, യാദവരുടെ പരവശമായ പരിതസ്ഥിതിയെ സമാപ്തമാക്കും. അതിനാൽ തന്റെ പെരുമയിലൂടെ പരവശരായ ആത്മാക്കൾക്ക് ശാന്തിയുടെയും സുഖത്തിന്റെയും വരദാനം നൽകൂ. ജ്വാലാ സ്വരൂപം അർത്ഥം ലൈറ്റ് ഹൗസ്, മൈറ്റ് ഹൗസ് സ്ഥിതിയെ മനസ്സിലാക്കിക്കൊണ്ട് ഈ പുരുഷാർത്ഥത്തിൽ തന്നെയിരിക്കൂ.